ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 01.09.2025**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദി റഷ്യൻ പ്രസിഡന്റ് വ്‌ളാദിമിർ പുടിനുമായി ഉഭയകക്ഷി ചർച്ച നടത്തി. സാമ്പത്തിക-ഊർജ സഹകരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ചയായി.
2. കേരളത്തിലെ മെഡിക്കൽ കോളേജുകളുടെ ശേഷിയെ വെല്ലുന്ന സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ വിരളമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
3. കോഴിക്കോട് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ചികിൽസയിലുള്ള രോഗികളുടെ ആരോഗ്യ നില തൃപ്തികരമെന്ന് അധികൃതർ. ജാഗ്രത തുടർന്ന് ആരോഗ്യ വകുപ്പ്.
4. വിപണി ഇടപെടലിൻറെ മാതൃകാപരമായ പ്രവർത്തനത്തിലൂടെ സംസ്ഥാനത്ത് വിലക്കയറ്റം തടഞ്ഞു നിർത്താൻ സാധിച്ചതായി മന്ത്രി ജി ആർ അനിൽ. സെപ്റ്റംബർ മാസത്തെ റേഷൻ വിതരണം നാളെ മുതൽ ആരംഭിക്കും.

RNU TVPM

5. തെരുവുനായ്ക്കൾ പെരുകുന്നത് തടയാൻ മുഴുവൻ ബ്ലോക്കുപഞ്ചായത്തുകളിലും മൊബൈൽ എ.ബി.സി. യൂണിറ്റുകൾ ആരംഭിക്കുമെന്ന് മന്ത്രി ജെ.ചിഞ്ചുറാണി.
6. കേരള ക്രിക്കറ്റ് ലീഗിൽ ആലപ്പി റിപ്പിൾസിനെതിരെ തൃശൂർ ടൈറ്റൻസിന് നാല് വിക്കറ്റ് ജയം.

***************************

## പ്രധാനമന്ത്രി (ഇൻട്രോ)

പ്രധാനമന്ത്രി നരേന്ദ്രമോദി റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുടിനുമായി ഉഭയകക്ഷി ചർച്ച നടത്തി. ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ, ചൈനയിലെ ടിയാൻജിനിൽ നടന്ന കൂടിക്കാഴ്ചയിൽ സാമ്പത്തിക-ഊർജ സഹകരണം ഉൾപ്പെടെ വിവിധ വിഷയങ്ങൾ ചർച്ചയായി. യുക്രെൻ ഉൾപ്പെടെയുള്ള ആഗോള വിഷയങ്ങളിലും ഇരു നേതാക്കളും ചർച്ച നടത്തി. ഈ വർഷം അവസാനത്തോടെയുള്ള പ്രസിഡന്റ് പുട്ടിന്റെ ഇന്ത്യ സന്ദർശനം പ്രതീക്ഷയോടെ നോക്കി കാണുന്നതായി പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്...........)

***************************

## സുപ്രീം കോടതി-എഥനോൾ

20% എഥനോൾ കലർന്ന പെട്രോൾ വിൽപ്പന ചോദ്യം ചെയ്ത് സമർപ്പിച്ച പൊതുതാൽപര്യ ഹർജി സുപ്രീം കോടതി തള്ളി. തങ്ങളുടെ വാഹനത്തിന് അനുയോജ്യമല്ലാത്ത ഇന്ധനം ഉപയോഗിക്കാൻ ദശലക്ഷക്കണക്കിന് ആളുകളെ, നിർബന്ധിക്കുന്നു എന്നാരോപിച്ചായിരുന്നു ഹർജി. ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായി അധ്യക്ഷനായ ബെഞ്ചാണ് കേസ്

RNU TVPM

പരിഗണിച്ചത്. എഥനോൾ മിശ്രണം രാജ്യത്തെ കരിമ്പുകർഷകർക്ക് പ്രയോജനകരമാകുമെന്ന് കേന്ദ്രസർക്കാർ സുപ്രിം കോടതിയിൽ അറിയിച്ചു.

*************************

## കേരള ഹൈക്കോടതി

ചികിത്സാ പിഴവിൽ കുറ്റാരോപിതരായ ആരോഗ്യപ്രവർത്തകരെ വിചാരണ ചെയ്യുന്നത് സംബന്ധിച്ച് കരട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഹൈക്കോടതി. കുറ്റാരോപിതർക്ക് തങ്ങളുടെ ഭാഗം ബോധ്യപ്പെടുത്താനുള്ള അവസരം നല്കുന്നതിനാണ് നടപടി. പന്ത്രണ്ടിന കരട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച ജസ്റ്റിസ് വി.ജി അരുൺ , ഇതിൽ എത്രയും വേഗം നടപടി സ്വീകരിക്കാൻ സർക്കാരിന് മുന്നിൽ സമർപ്പിക്കണമെന്നും അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷന് നിർദ്ദേശം നല്കി.

RNU TVPM

*************************

## ചെങ്ങറ - പുനരധിവാസം

ചെങ്ങറ ഭൂസമര പ്രദേശത്തെ കുടുംബങ്ങളുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ യോഗം ചേർന്നു. 1,136 കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ വേഗത്തിൽ പൂർത്തീകരിക്കാൻ മുഖ്യമന്ത്രി നിർദ്ദേശിച്ചു. റേഷൻ കാർഡ്, ഓണക്കിറ്റ് എന്നിവയുടെ വിതരണം പൂർത്തിയാക്കിയതായും തൊഴിൽ കാർഡ് വിതരണം ഉടൻ പൂർത്തിയാക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. മന്ത്രിമാരായ കെ രാജൻ, കെ കൃഷ്ണൻകുട്ടി, എ കെ ശശീന്ദ്രൻ, എം ബി രാജേഷ്, ജി ആർ അനിൽ, ഒ ആർ കേളു, വീണാ ജോർജ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

*************************

## മുഖ്യമന്ത്രി - മെഡിക്കൽ കോളേജ് (ഇൻട്രോ)

ആരോഗ്യ മേഖലയിൽ വലിയ തോതിലുള്ള മാറ്റങ്ങൾ വരുത്താൻ സംസ്ഥാന സർക്കാരിനായതായി മുഖ്യമന്ത്രി പിണറായി വിജയൻ. ആരോഗ്യ മേഖലയ്ക്ക് ദേശീയ തലത്തിൽ തന്നെ അംഗീകാരം ലഭിച്ചത് അതിനാലാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിലെ മെഡിക്കൽ കോളേജുകളുടെ ശേഷിയെ വെല്ലുന്ന സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ വിരളമാണെന്നും തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ 180 ലധികം കോടി രൂപയുടെ 15 പദ്ധതികൾ ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ്)

***************************

## നാളികേര ദിനാഘോഷം

27-ാമത് ലോക നാളികേര ദിനാഘോഷം കേന്ദ്ര മന്ത്രി ശിവരാജ് സിംങ് ചൗഹാൻ നാളെ എറണാകുളത്ത് ഉദ്ഘാടനം ചെയ്യും. രാജ്യത്തെ നാളികേര മേഖലയുടെ പുനരുജ്ജീവനത്തിനായി നവീകരിച്ച പദ്ധതിയുടെ പ്രഖ്യാപനവും കേന്ദ്രമന്ത്രി നിർവഹിക്കും. കൃഷി മന്ത്രി പി.പ്രസാദ്, വ്യവസായ മന്ത്രി പി രാജീവ് തുടങ്ങിയവർ പങ്കെടുക്കും.

RNUTVPM

***************************

## അമീബിക് -- 1

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് ചികിത്സയിലിരുന്ന രണ്ടു പേർ കൂടി മരിച്ച സാഹചര്യത്തിൽ ജാഗ്രത കർശനമാക്കി ആരോഗ്യവകുപ്പ്. അമീബിക് മസ്തിഷ്ക ജ്വരം സംബന്ധിച്ച് കേരളത്തിൽ കൃത്യമായ മാർഗനിർദേശങ്ങൾ പുറത്തിറക്കിയിട്ടുള്ളതായും PCR പരിശോധനയ്ക്കുള്ള സൗകര്യങ്ങൾ ഇന്ന് സംസ്ഥാനത്തുണ്ടെന്നും ആരോഗ്യമന്ത്രി വീണ

ജോർജ് പറഞ്ഞു. തീവ്ര പരിചരണ വിഭാഗത്തിൽ പ്രവേശിച്ചിരുന്ന 3 മാസം പ്രായമുള്ള ഓമശ്ശേരി സ്വദേശിയായ കുഞ്ഞും മലപ്പുറം സ്വദേശിയുമായ ഒരു സ്ത്രീയുമാണ് രോഗം ബാധിച്ച് മരിച്ചത്.

***************************

## അമീബിക് മസ്തിഷ്ക ജ്വരം

കോഴിക്കോട് ജില്ലയിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് നിലവിൽ ചികിൽസയിലുള്ള ഏഴ് രോഗികളുടെ ആരോഗ്യ നില നില തൃപ്തികരമാണെന്ന് അധികൃതർ. രോഗം ബാധിച്ച് മരിച്ച കുഞ്ഞിന് കിണർ വെള്ളത്തിൽ നിന്നാകാം രോഗം ഉണ്ടായതെന്നാണ് നിഗമനം. കിണർ വെള്ളം വറ്റിച്ച് ക്ലോറിനേഷൻ നടത്തി. സമീപത്തെ കിണറുകളിലെ സാമ്പിളുകളും പരിശോധന നടത്തിയതായും അധികൃതർ അറിയിച്ചു.

***************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

***************************

## ജെ ചിഞ്ചുറാണി-മൊബൈൽ യൂണിറ്റുകൾ

തെരുവുനായ്ക്കൾ പെരുകുന്നത് തടയാൻ സംസ്ഥാനത്തെ മുഴുവൻ ബ്ലോക്കുപഞ്ചായത്തുകളിലും മൊബൈൽ എ.ബി.സി. യൂണിറ്റുകൾ തുടങ്ങുമെന്ന് മന്ത്രി ജെ ചിഞ്ചുറാണി. ജൈവ സുരക്ഷ ശക്തിപ്പെടുത്തുന്നതിൻറെ ഭാഗമായി നടപ്പാക്കിയ വിവിധ പദ്ധതികളുടെ ഉദ്ഘാടനവും ശാസ്ത്രീയരീതിയിൽ വളർത്തിയ മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ വിതരണം നടപ്പാക്കുന്ന

RNU TVPM

ഗ്രാമസമൃദ്ധി പദ്ധതിയുടെ ഉദ്ഘാടനവും മന്ത്രി കോട്ടയത്ത് നിർവഹിച്ചു.

**************************

## റേഷൻകട

സംസ്ഥാനത്ത് നാളെ മുതൽ സെപ്റ്റംബർ മാസത്തെ റേഷൻ വിതരണം ആരംഭിക്കും. സ്റ്റോക്കെടുപ്പ് കണക്കിലെടുത്ത് ഇന്ന് റേഷൻകടകൾ അവധിയാണ്. ഒന്നാം ഓണ ദിവസമായ വ്യാഴാഴ്ചയും റേഷൻകടകൾ പ്രവർത്തിക്കുന്നതായിരിക്കും.

**************************

## ജി ആർ അനിൽ (ഇൻട്രോ)

വിപണി ഇടപെടലിൻറെ മാതൃകാപരമായ പ്രവർത്തനം മുഖേന സംസ്ഥാനത്ത് വിലക്കയറ്റം തടഞ്ഞു നിർത്താൻ സാധിച്ചതായി ഭക്ഷ്യമന്ത്രി ജി ആർ അനിൽ. അവശ്യവസ്തുക്കളുടെ ക്ഷാമമോ വിലക്കയറ്റമോ ബാധിക്കാത്ത വിധം ഈ ഉത്സവകാലത്തെ കൈകാര്യം ചെയ്യാൻ ഭക്ഷ്യപൊതുവിതരണ വകുപ്പിനും സപ്ലൈകോയ്ക്കും കഴിഞ്ഞുവെന്ന് അദ്ദേഹം വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

(ഹോൾഡ്)

**************************

## ശബരിമല - ഓണം

ഓണം പൂജകൾക്കായി ശബരിമല ക്ഷേത്ര നട മറ്റന്നാൾ വൈകിട്ട് അഞ്ചിനു തുറക്കും. വൈകിട്ട് 5 മണിക്ക് തന്ത്രി കണ്ഠരര് മഹേഷ് മോഹനരുടെ സാന്നിധ്യത്തിൽ മേൽശാന്തി അരുൺകുമാർ നമ്പൂതിരി നടതുറന്ന് ദീപം തെളിയിക്കും. വെള്ളിയാഴ്ച തിരുവോണ പൂജകൾ നടക്കും. അന്ന് ഓണസദ്യയും ഉണ്ടാകും.

PNUTVPM

ഓണം പൂജകൾ പൂർത്തിയാക്കി ഈ മാസം ഏഴിന് രാത്രി 10 ന് നട അടയ്ക്കും.

****************************

## മഴ (ഇൻട്രോ)

ഹിമാചൽ പ്രദേശ്, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ ഇന്നും ഒറ്റപ്പെട്ട അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അതേസമയം സംസ്ഥാനത്ത് മഴയുടെ ശക്തി കുറയുകയാണ്. എന്നാൽ സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ ചില ഭാഗങ്ങളിൽ ഉയർന്ന തിരമാലകൾ ഉണ്ടാകാനിടയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ലേഖകൻ സ്മിതി എം പള്ളുരുത്തി.**

**(വോയ്സ്...........)**

RNU TVPM

****************************

## കെസിഎൽ

കേരള ക്രിക്കറ്റ് ലീഗിൽ ആലപ്പി റിപ്പിൾസിനെതിരെ തൃശൂർ ടൈറ്റൻസിന് നാല് വിക്കറ്റ് ജയം. ആലപ്പി ഉയർത്തിയ 129 റൺ വിജയലക്ഷ്യം പിന്തുടർന്നിറങ്ങിയ തൃശൂർ, ആറ് വിക്കറ്റ് നഷ്ടത്തിൽ നാല് പന്ത് ബാക്കി നിൽക്കെ ജയം സ്വന്തമാക്കി. ഇന്ന് നടക്കുന്ന രണ്ടാമത്തെ മത്സരത്തിൽ അല്പസമയത്തിനകം കാലിക്കറ്റ് ഗ്ലോബ്സ്റ്റാഴ്സും ഏരീസ് കൊല്ലം സെയലേഴ്സും ഏറ്റുമുട്ടും.

****************************

## ഏഷ്യാ കപ്പ് പുരുഷ ഹോക്കി

ഏഷ്യാ കപ്പ് പുരുഷ ഹോക്കി ടൂർണമെൻറിൽ ഇന്ന് ഇന്ത്യ കസാക്കിസ്ഥാനുമായി ഏറ്റുമുട്ടും. രാജ്ഗിർ ഇന്റർനാഷണൽ സ്പോർട്സ് സ്റ്റേഡിയത്തിൽ, രാത്രി 7.30 നാണ് മത്സരം.

***************************

## ഓഹരി, സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് 555 പോയിന്റ് ഉയർന്ന് 80,364 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 198 പോയിന്റ് നേട്ടത്തിൽ 24,625 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവില കൂടി. പവന് 680 രൂപ വർധിച്ച് 77,640 രൂപയും ഗ്രാമിന് 9,705 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

***************************

## അഫ്ഗാൻ

അഫ്ഗാനിസ്ഥാനിലുണ്ടായ ഭൂചലനത്തിൽ മരണ സംഖ്യ 800 പിന്നിട്ടു. 2500 പോർക്ക് പരിക്കേറ്റു. ഇന്നലെയാണ് ജലാലാബാദ് നഗരത്തിന് സമീപം റിക്ടർ സ്കെയിലിൽ ആറ് തീവ്രത രേഖപ്പെടുത്തിയ ഭൂചലനം ഉണ്ടായത്.

*********************************************************************************************

***************************